LIBRARY ARCHIVES Kerala Legislative Assembly

## കെ.എഫ്.സി.-യുടെ വായ്പകളിൽമേൽ വന്നിട്ടുള്ള തവണ കുടിശ്ശിക

9 [1141] ശ്രീ. വി. ഡി. സതീശൻ:

,, സി. പി. മുഹമ്മദ്:

,, എൻ. ശക്തൻ:

,, പ്രയാർ ഗോപാലകൃഷ്ണൻ:

,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫൈനാൻഷ്യൽ കോർപ്പറേഷൻ നൽകിയിട്ടുള്ള വായ്പകളിൽ 2004 മാർച്ച് 31-ലെ കണക്കനുസരിച്ച് തവണക്കുടിശ്ശിക വന്നിട്ടുള്ള തുക എത്രയാണ്;

(ബി) പ്രസ്തുത തീയതിയിലെ കണക്കനുസരിച്ച് കുടിശ്ശിക തുകയ്ക്ക് പലിശയിനത്തിൽ കിട്ടുവാനുള്ള തുകയെത്രയാണ്;

(സി) ഈ കോർപ്പറേഷൻ പിഴപ്പലിശ വാങ്ങുന്നുണ്ടോ;

(ഡി) എങ്കിൽ എന്തു നിരക്കിൽ;

(ഇ) പ്രസ്തുത തീയതിയിലെ കണക്കനുസരിച്ച് പിഴപ്പലിശയിനത്തിൽ എന്തു തുക കിട്ടുവാനുണ്ട്?

### ഉത്തരം

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ 31-3-2004-ലെ കണക്കനുസരിച്ച് തവണക്കുടിശ്ശികയായി നിലനിൽക്കുന്നത് 259.39 കോടി രൂപയാണ്.

(ബി) പലിശയിനത്തിൽ കുടിശ്ശികയായി പിരിഞ്ഞു കിട്ടുവാനുള്ള തുക 324.46 കോടി രൂപയാണ്.

(സി) ഉണ്ട്.

(ഡി) കുടിശ്ശിക തുകയ്ക്ക്, കുടിശ്ശിക വരുത്തിയ കാലയളവിൽ രണ്ട് (2) ശതമാനം വാർഷിക പിഴപ്പലിശ ഈടാക്കാറുണ്ട്.

(ഇ) 31-3-2004-ലെ കണക്കനുസരിച്ച് പിഴപ്പലിശയിനത്തിൽ കോർപ്പറേഷന് 8.84 കോടി രൂപ പിരിഞ്ഞുകിട്ടുവാനുണ്ട്.